## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 218   18.03.2013-ൽ മറുപടി**

**വർഗ്ഗീയ ശക്തികൾക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. ബി. അബ്ദുൾ റസാക്ക്<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ എം. ഉമ്മർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) രാഷ്ട്രീയമായോ, ആശയപരമായോ വിഭിന്നാഭിപ്രായം പ്രകടിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ ശാരീരികമായി ഇല്ലായ്മ ചെയ്യുന്നതിനുള്ള പ്രവണത ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) പരിശോധിച്ചിട്ടുണ്ട് |
| ബി) സ്വാധീനശക്തിയുടെ പിൻബലത്തിൽ അത്തരം സംഭവങ്ങളിൽ യഥാർത്ഥ പ്രതികളെ ഒഴിവാക്കി നിരപരാധികളെ പ്രതികളാക്കാൻ അവസരമൊരുക്കിയ ശേഷം അവരുടെ സംരക്ഷണത്തിനെന്ന പേരിൽ നിയമസഹായവും, സാമ്പത്തിക സഹായവും നൽകി സ്വാധീനിക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) ഇത്തരം ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ INTUC നേതാവായിരുന്ന ബാലു എന്ന ബാലസുബ്രമണ്യൻ എന്നയാളെ 2004 - ൽ കൊലപ്പെടുത്തിയത് സംബന്ധിച്ച് പീരുമേട് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 206/04 കേസിൽ 8 പേരെ ശിക്ഷിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ 8 പേർ അല്ല യഥാർത്ഥ പ്രതികളെന്നും, യഥാർത്ഥ പ്രതികളായ സി. പി. ഐ. (എം) നേതാക്കളായ എം. എം. മണി, ആർ. രാജു, തിലകൻ എന്നിവരെ പ്രതിപട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ് എന്നും കാണിച്ച് കൊല്ലപ്പെട്ട ബാലസുബ്രമണ്യന്റെ സഹോദരി ശങ്കരി സാമുവൽ ബഹു. പീരുമേട് കോടതിയിൽ പരാതി സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണം നടത്തി വരുന്നു. ഈ കേസ്സിലെ പ്രതികളെ സംരക്ഷിക്കുന്നതിനും നിയമ സഹായത്തിനും മറ്റുമായി പണപ്പിരിവ് നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) രഹസ്യമായി വർഗ്ഗീയ വികാരം ഇളക്കിവിട്ട് സംഘർഷമുണ്ടാക്കുകയും, ഒരു വിഭാഗത്തിന്റെ സംരക്ഷകരായി രംഗത്തുവരുകയും ചെയ്യുന്ന സംഭവങ്ങൾ പുറത്തുവന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം സ്ഥിതി വിശേഷം ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻ കരുതൽ സ്വീകരിക്കുകയും, ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനം നടത്തുകയും ചെയ്യുമോ ; വ്യക്തമാക്കുമോ ? | (സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം സ്ഥിതിവിശേഷമുണ്ടായാൽ നേരിടാനാവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്, ജനമൈത്രി പോലീസ് ജനങ്ങളുമായി സമ്പർക്കം പുലർത്തി ബോധവത്ക്കരണ പ്രവർത്തനം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ